**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **18-01-2021 - ൽ മറുപടിയ്ക്ക്**

**പ്രൈമറി അദ്ധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി)** | |
| (എ) | പ്രൈമറി അദ്ധ്യാപക തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി 30.12.2020 വരെ എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 6905 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രൈമറി അദ്ധ്യാപക തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതകൾ, സമാനമായി പരിഗണിക്കപ്പെടാവുന്ന തത്തുല്ല്യയോഗ്യതകൾ എന്നിവ പി.എസ്.സി.യുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ ഉൾപ്പെടാത്ത യോഗ്യതകളുള്ളവരും പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ എഴുതിയിട്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | അപേക്ഷകരുടെ എണ്ണം കൂടുതലായുള്ള തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായി നടത്തുന്ന പരീക്ഷകൾക്ക് കൺഫർമേഷൻ നൽകുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും അവരുടെ യോഗ്യതകളിൽ സൂക്ഷ്മപരിശോധന നടത്താതെ സോപാധികം പരീക്ഷ എഴുതുവാൻ അനുവദിക്കുകയും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന അവസരത്തിൽ യോഗ്യതകളില്ലാത്തവരെ ഒഴിവാക്കുകയും ചെയ്യുന്ന രീതിയാണ് പബ്ലിക് സർവീസ് കമ്മീഷൻ നിലവിൽ അനുവർത്തിച്ചു പോരുന്നത്. |

സെക്ഷൻ ഓഫീസർ